പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2772 14.2.**2013** ന് മറുപടിക്ക്

<u>അസംഘടിത തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി ) |
| എ)അസംഘടിത തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; വിശദാംശം നൽകുമോ ; | എ) ഉണ്ട്. 2008 ലെ സാമൂഹിക സുരക്ഷാ നിയമത്തിന്റെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഗവൺമെൻറ് ഉത്തരവ് (എം.എസ്) നമ്പർ 29/2011/തൊഴിൽ തീയതി 26.02.2011 പ്രകാരം സംസ്ഥാന തൊഴിൽ വകുപ്പ് മന്ത്രി എക്സ് ഒഫിഷ്യോ ചെയർമാനായി സംസ്ഥാനത്ത് അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നിട്ടുണ്ട്. |
| ബി)ഇത്തരം ക്ഷേമനിധിയിൽ അനർഹർ കടന്നുകൂടുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ? | ബി) ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളുടെ ഡേറ്റ ഡിജിറ്റലൈസ് ചെയ്ത് UID നമ്പർ നൽകി ആനുകൂല്യങ്ങൾ ബാങ്ക് വഴി നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് . അപ്രകാരം unique identification നൽകുന്നതുവഴി ആനുകൂല്യങ്ങൾ അനർഹർ കൈപ്പറ്റുന്നതും ഒരാൾ ഒന്നിലധികം ക്ഷേമനിധി ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതും തടയാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ